**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3960** **17-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മെഡിക്കൽ കോളേജിലെ അദ്ധ്യാപക തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ മെഡിക്കൽ കോളേജിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ക്ലിനിക്കൽ വിഭാഗം പ്രൊഫസർ തസ്തികയിൽ 2 ഒഴിവുകൾ, അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 2 ഒഴിവുകൾ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 22 ഒഴിവുകൾ എന്നിവ നിലവിലുണ്ട്. ഒഴിഞ്ഞുകിടക്കുന്ന പ്രൊഫസർ തസ്തിക സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. യോഗ്യരായ ഫാക്കൽറ്റികൾ ഇല്ലാത്തതിനാൽ അസോസിയേറ്റ് പ്രൊഫസർ തസ്തിക നികത്താൻ കഴിഞ്ഞിട്ടില്ല. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ എല്ലാം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.<br><br>കൂടാതെ കണ്ണൂർ മെഡിക്കൽ കോളേജിലെ ബയോകെമിസ്ട്രി, ഫാർമക്കോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഓരോ ഒഴിവുകളും നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമന ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. കോളേജുകളുടെ അംഗീകാരം നിലനിർത്തുന്നതിനും ആശുപത്രികളുടെ സുഗമമായ നടത്തിപ്പും പരിഗണിച്ച് എൻട്രികേഡർ അദ്ധ്യാപക തസ്തികകളിൽ, പി.എസ്.സി വഴി നിയമനം നടക്കുന്നത് വരെ കരാർ വ്യവസ്ഥയിൽ നേരിട്ട് നിയമനം നടത്തുന്നതിന് അതാത് കോളേജ് പ്രിൻസിപ്പൽമാർക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ